എം.പി.(5)29026/2015

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം, തീയതി , 10.8.2015.

website : www.cooperation.kerala.gov.in
e-mail : keralarcs@coop.kerala.gov.in

## സർക്കുലർ നമ്പർ.40/2015.

വിഷയം – സഹകരണ വകുപ്പ് – മാർക്കറ്റിംഗ്–കേരള സംസ്ഥാന സഹകരണ റബർ മാർക്കറ്റിംഗ് ഫെഡറേഷന്റെ ജൈവ, ഭാരത് ജൈവ (ഗോൾഡ്) സുവർണ്ണ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി സഹകരണ സ്ഥാപനങ്ങൾ മുഖേന വിൽക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകുന്നത്–സംബന്ധിച്ച്

സൂചന –1. സഹകരണ സംഘം രജിസ്ട്രാറുടെ 4.9.2013 ലെ 52/2013 നമ്പർ സർക്കുലർ

2. സഹകരണ സംഘം രജിസ്ട്രാറുടെ 17.11.2014 ലെ 51/2014 നമ്പർ സർക്കുലർ.

.....

കേരള സംസ്ഥാന സഹകരണ റബർ മാർക്കറ്റിംഗ് ഫെഡറേഷൻ ഉൽപ്പാദിപ്പിക്കുന്ന /വിപണനം നടത്തുന്ന നേർ വളങ്ങൾ രാസജൈവ കൂട്ടുവളങ്ങൾ പരമാവധി വാങ്ങി വിപണനം നടത്തുന്നതിന് സഹകരണ സംഘങ്ങൾക്ക് സൂചന (1) പ്രകാരം സർക്കുലർ നിർദ്ദേശം നൽകുകയും സൂചന (2) പ്രകാരം സുവർണ്ണ കേരളം പദ്ധതിയുടെ ഭാഗമായി ജൈവ കൃഷിക്ക് പ്രോത്സാഹനം നൽകുന്നതിന് സർക്കുലർ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

ഫെഡറേഷൻ വിതരണം ചെയ്തു വരുന്ന കൂട്ടുവളങ്ങളും,നേർവളങ്ങളും, സ്വന്തം ലാബോറട്ടറിയിൽ പരിശോധിച്ച് കർശനമായ ഗുണമേന്മ മാനദണ്ഡങ്ങൾ ഉറപ്പാക്കിയിട്ടുള്ളതും, കാർഷിക സർവ്വകലാശാലയും, കൃഷി വകുപ്പും, റബർ ബോർഡും ഫെഡറേഷനിൽ നിന്നും വിതരണം ചെയ്തു വരുന്ന വളങ്ങൾ പരിശോധിച്ച് ഗുണമേന്മ അംഗീകരിച്ചിട്ടുമുള്ളതിനാൽ റബർ മാർക്കിന് കർഷകർക്ക് ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള വളം നൽകുവാൻ കഴിയുമെന്നാണ് ഫെഡറേഷൻ അറിയിച്ചിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ സുവർണ്ണ കേരളം പദ്ധതിയുമായി ബന്ധപ്പെടുത്തി ഫെഡറേഷൻ ഉൽപ്പാദിപ്പിക്കുന്ന ഭാരത് ജൈവവളം വാങ്ങി വിപണനം നടത്തുന്നതിന് സംസ്ഥനത്തെ എല്ലാ സഹകരണസംഘങ്ങളും സഹകരിക്കണമെന്ന് താൽപ്പര്യപ്പെടുന്നു.

(ഒപ്പ്),
എസ്. ലളിതാംബിക ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ.

പകർപ്പ്:–

1. എല്ലാ ജനറൽ വിഭാഗംജോയിന്റ് രജിസ്ട്രാർമാർക്കും (സർക്കുലർ നിർദ്ദേശം ജില്ലയിലെ വളം വില്പന നടത്തുന്ന സഹകരണ സംഘങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്)
2. എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
3. മാനേജിംഗ് ഡയറക്ടർ, റബർ മാർക്ക്, എറണാകുളം
4. എഡിറ്റർ , സഹകരണ വീഥി
5. എഡിറ്റർ, സഹകരണ ജേർണൽ
6. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
7. സ്റ്റോക്ക് ഫയൽ .
8. വെബ്സൈറ്റ്

// ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (എം.പി .സെക്ഷൻ)